# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360 - 25.06.2013-ലെ മറുപടിക്ക്**

## വാർഷിക പദ്ധതിയിൽ വിവിധ മേഖലകൾക്കുള്ള തുക വകയിരുത്തൽ

**ചോദ്യം**
**ശ്രീ. കെ. ദാസൻ**
**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
**ഡോ. കെ.ടി. ജലീൽ**

**ഉത്തരം**
**ശ്രീ. കെ. എം. മാണി**
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തിന്റെ ഈ വർഷത്തെ വാർഷിക പദ്ധതി യിൽ ഏതെല്ലാം മേഖലകൾ ക്കാണ് മുൻഗണന നൽകിയിരി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | മൃഗസംരക്ഷണം, ക്ഷീരവികസനം, സഹകരണം, വൻകിട/ചെറുകിട ജലസേചനം, റോഡുകളും പാലങ്ങളും, സിവിൽ സപ്ലൈസ്, വിദ്യാഭ്യാസം, വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും, നഗര വികസനം, പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാരുടേയും മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗക്കാരുടേയും ക്ഷേമം, പ്രത്യേക പാക്കേജുകൾ (വയനാട്, കാസർകോഡ്, ശബരിമല), സാമൂഹ്യ വികസനവും പഞ്ചായത്തും, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വികസനം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. |

<table>
<tr>
<td>(ബി) വാർഷിക പദ്ധതിയിൽ വിവിധ മേഖലകൾക്കുള്ള വകയിരുത്തൽ എപ്രകാരമാണ്;</td>
<td>വാർഷിക പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ മേഖലകൾക്കുള്ള വകയിരുത്തൽ ചുവടെ ചേർക്കുന്നു.<br><br>*(തുക ലക്ഷത്തിൽ)*
<table>
<tr><th>മേഖല</th><th>വിഹിതം</th></tr>
<tr><td>കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും</td><td>164184.00</td></tr>
<tr><td>ഗ്രാമ വികസനം</td><td>82670.00</td></tr>
<tr><td>സഹകരണം</td><td>10500.03</td></tr>
<tr><td>ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും</td><td>65944.00</td></tr>
<tr><td>വൈദ്യുതി</td><td>122270.00</td></tr>
<tr><td>വ്യവസായവും ധാതുക്കളും</td><td>85098.00</td></tr>
<tr><td>ഗതാഗതവും വാർത്താവിനിമയവും</td><td>133489.00</td></tr>
<tr><td>ശാസ്ത്ര സർവ്വീസുകളും ഗവേഷണവും</td><td>14672.00</td></tr>
<tr><td>സാമൂഹ്യവും, സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ</td><td>771032.53</td></tr>
<tr><td>സാമ്പത്തിക സർവ്വീസുകൾ</td><td>103779.01</td></tr>
<tr><td>ജനറൽ സർവ്വീസുകൾ</td><td>10681.00</td></tr>
<tr><td>തദ്ദേശ സ്വയം ഭരണ സർക്കാരുകളുടെ പ്രാദേശിക ആസൂത്രണ പരിപാടികൾ</td><td>400000.00</td></tr>
</table>
</td>
</tr>
<tr>
<td>(സി) പിന്നോക്ക വിഭാഗങ്ങൾക്കും മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാർക്കും മറ്റുമുള്ള വകയിരുത്തലുകളിൽ കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധന വരുത്തിയിട്ടുണ്ടോ ;</td>
<td>ഉണ്ട്. പിന്നോക്ക വിഭാഗങ്ങൾക്ക് നടപ്പുവർഷത്തെ വകയിരുത്തലുകളിൽ കഴിഞ്ഞ വർഷത്തെക്കാൾ വർദ്ധന വരുത്തിയിട്ടുണ്ട്. പദ്ധതിയിനത്തിൽ മുന്നോക്ക വിഭാഗങ്ങളിലെ പിന്നോക്കക്കാർക്ക് നടപ്പുസാമ്പത്തിക വർഷത്തിലാണ് ആദ്യമായി തുക വകയിരുത്തിയിട്ടുള്ളത് ആയതിനാൽ വർദ്ധനവുള്ളതായി പറയുവാൻ സാധിക്കുകയില്ല.</td>
</tr>
</table>

| | |
|---|---|
| (ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ പത്തു ശതമാനം തുകയുടെ വിനിയോഗത്തിന് സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള തീരുമാനം ഈ വർഷം നടപ്പിലാക്കാൻ സാധിക്കുമോ; | കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇതു നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |
| (ഇ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽവയലുകൾ നികത്തൽ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കാൻ ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ടോ ; | നെൽ വയൽ നികത്തൽ നിയന്ത്രണത്തിനായുള്ള പദ്ധതികളൊന്നും ഈ വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നെൽ കൃഷി വികസനത്തിനായി 2013-14 വാർഷിക പദ്ധതിയിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തരിശു ഭൂമികൾ കൃഷി യോഗ്യമാക്കുന്നതിനുള്ള നടപടികൾ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. പച്ചക്കറികളും നെല്ലും ഉൾപ്പെടുന്ന ഭക്ഷ്യ വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുള്ള ഒരു സമഗ്ര തരിശുതല കൃഷി പദ്ധതി 2013-14-ൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ പരിപാടിയിലൂടെ പഞ്ചായത്തുകളുടെ സഹായത്തോടെ തരിശു രഹിത പഞ്ചായത്തുകൾ വികസിപ്പിച്ചെടുത്ത് അവ നിലനിർത്തുന്നതിനുവേണ്ട ധനസഹായം നൽകുന്നതിനും ലക്ഷ്യമിടുന്നുണ്ട്. |
| (എഫ്) ഇക്കാര്യത്തിൽ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന്റെ മുൻനിലപാടിൽ ഇപ്പോൾ എന്തെങ്കിലും മാറ്റം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**